കെ.എസ്.എ. കെ.ടി.എം. പി11/134/2017 തീയതി: 8.2.17

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2015 മുതൽ 31.03.2016. വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.റംല ബീവി പി.എ., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.01.2016- 03.02.2016 |
| ഉദ്യോഗസ്ഥർ | ശ്രീ.ഷൈജു.എസ്.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി. മേരി ആൻഡ്രൂസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ലേഖ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.അംബിളി യു ,ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ഷേർളി രവീന്ദ്രൻ<br>റ്റി ശശീന്ദ്രനാഥ് | 01.04.2014- 31.10.2015<br>01.11.2015- 31.03.2016 |
| സെക്രട്ടറി | കെ കെ സോമനാഥൻ നായർ<br>മിനി എസ്, ജോയിന്റ് ബി ഡി ഒ(സെക്രട്ടറി ഇൻ ചാർജ്)<br>ജോർജ് തോമസ് | 01.04.2014- 31.05.2015<br>01.06.2015- 31.07.2015 |

| | | |
|---|---|---|
| | കെ ജി ബാബു | 01.08.2015-11.02.2016<br>12.02.2016-31.03.2016 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ബി സരസമ്മ<br>പി പ്രസാദ് | 1.4.2014 -30.11.2015<br>01.12.2015- 31.03.2016 |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ജോർജ്ജ് സക്കറിയ<br>ടെസ്സി എബ്രഹാം | 1.4.2014 – 02.07.2015<br>03.07.2015-31.03.2016 |
| സി ഡി പി ഒ | അജിത കുമാരി | 1.4.2014 -31.3.2016 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ പത്മജ<br>ഡോ. റോയി സ്കറിയ | 1.4.2014 -31.3.2016<br>1.4.15-31.3.16 |
| സൂപ്രണ്ട്, ഗവ: ഹോസ്പിറ്റൽ | ഡോ ആനിയമ്മ ജോസഫ് | 1.4.2014 -31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഷീജ ഇട്ടി ഐപ്പ്<br>ശാരദ സി ആർ | 1.4.2014 -12.8.2015<br>13.8.2015- 31.03.2016 |

ഉള്ളടക്കം


| ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തികവിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |

| | |
|---|---|
| | |
| വാർഷികപദ്ധതി 2014-16 | 1-6 |
| തനതുവരുമാനം | 1-7 |
| ആഭ്യന്തരനിയന്ത്രണം | 1-8 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| ഭാഗം 2<br>വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| ഭാഗം 3<br>ചെലവുകണക്കുകൾ | |
| സോളാർ വഴിവിളക്ക് സ്ഥാപിക്കൽ- പദ്ധതി നിർവഹണത്തിൽ അപാകതകൾ, 4801500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ധനസഹായം തിരികെ ലഭിച്ച ഡി.ഡി. പഞ്ചായത്തിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധം- ബ്ലോക്ക് വിഹിതം നൽകിയതിന് വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 3-2 |
| തിരുവഞ്ചൂർ കുടിവെള്ളപദ്ധതി- ഗുണഭോക്തൃവിഹിതം രണ്ടുതവണ നൽകിയത് ക്രമവിരുദ്ധം- അധികം നൽകിയ 40000 രൂപ തിരിച്ചടയ്ക്കുന്നു. | 3-3 |
| യുവാക്കൾക്ക് സൈനികപരിശീലനം- പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ അപാകതകൾ | 3-4 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ | 3-5 |
| പനച്ചിക്കാട് അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് യന്ത്രങ്ങൾ വാങ്ങൽ- അപാകതൾ- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |

| | |
|---|---|
| | |
| സി.ഡി.പി.ഒ. നടപ്പാക്കിയ പദ്ധതികൾ | 3-7 |
| മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പദ്ധതികൾ | 3-8 |
| ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യചുമതലകളിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി | 3-9 |
| വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| ഐ.എ.വൈ. ഭവനനിർമാണം | 3-11 |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 20.02.2014 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും, 2015-16 വർഷത്തെ ബജറ്റ് 27.03.2015 തിയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

2014-15

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | | 26621172 | 26621172 | |
| വരവ് | 46828190(മുന്നിരിപ്പ് ഉൾപ്പെടെ) | 91553923 | 44725733 | |
| ആകെ | 46828190 | 118175095 | 71346905 | |
| ചെലവ് | 46828190 | 89501267 | 42673077 | |
| നീക്കിയിരിപ്പ് | 0 | 28673828 | 28673828 | |

2015-16

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 0 | 28673828 | 28673828 | |
| വരവ് | 64939450 | 83229891 | 18290441 | |
| ആകെ | 64939450 | 111903719 | 46964269 | |
| ചെലവ് | 64889450 | 75983515 | 11094065 | |
| നീക്കിയിരിപ്പ് | 500000 | 35920204 | 35420204 | |

## 1-2 വാർഷിക ധനകാര്യപത്രിക

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2015 | 31.7.2015 | --------------- | --------------- |

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 31.7.2016 | --------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2014-15 | 24.10.2015 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| 2015-16 | 27.01.2017 | " |

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 26621172 |
| വരവ് | 91553923 |
| ആകെ | 118175095 |
| ചെലവ് | 89501267 |
| നീക്കിയിരിപ്പ് | 28673828 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 28673828 |
| വരവ് | 83229891 |
| ആകെ | 111903719 |
| ചെലവ് | 75983515 |
| നീക്കിയിരിപ്പ് | 35920204 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 766898 | 22494000 | 23260898 | 20646871 | 2614027 | 88.76 |
| വികസനഫണ്ട് എസ്.സി.പി. | 16941 | 7072000 | 7088941 | 5495148 | 1593793 | 77.52 |
| വികസനഫണ്ട് ടി.എസ്.പി. | 161356 | 615000 | 776356 | 0 | 776356 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 458860 | 3469000 | 3927860 | 2931158 | 996702 | 74.62 |

2015-16

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2614027 | 19692688+1370149(ട്രാൻസ്ഫർ ക്രഡിറ്റ്) | 23676864 | 23676864 | 0 | 0 |
| വികസനഫണ്ട് | 1593793 | 4734992 | 6328785 | 5734992 | 593793 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 776356 | 102000 | 878356 | 102000 | 776356 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 996702 | 2535050 | 3531752 | 3531752 | | 0 |

## 1-6 വാർഷികപദ്ധതി 2014-15

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതികൾ പഞ്ചായത്ത് ഭരണസമിതിയുടെ 22.5.14 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 980/2014/ഡി.പി.സി./ഡി.പി.ഒ./കെ.ടി.എം /31.6.14 നമ്പർ ഉത്തരവ് പ്രകാരം നിർവഹണാംഗീകാരവും ലഭിച്ചു. 31626195 രൂപയും മെയിന്റനൻസ് ഗ്രാന്റ് 3927860 രൂപയും ഇതര സ്രോതസ്സുകളിൽ നിന്നുള്ള 45764248 രൂപയും വകയിരുത്തി 81318303 രൂപയുള്ള വാർഷിക അടങ്കലിനാണ് ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. ഏഴ് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ അംഗീകാരം ലഭിച്ച 60 പ്രോജക്ടുകളിൽ 53 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്ന് 29573177 രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തു.

വാർഷികപദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഉത്പാദനമേഖല | 3079414 | 1308810 |
| സേവനമേഖല | 66443921 | 22106172 |
| പശ്ചാത്തലമേഖല | 11794968 | 6158195 |
| ആകെ | 81318303 | 29573177 |

തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ എണ്ണം

| | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് |
|---|---|---|
| ഉത്പാദനം | 3 | 3 |
| സേവനം | 36 | 33 |
| പശ്ചാത്തലം | 21 | 17 |
| ആകെ | 60 | 53 |

വാർഷികപദ്ധതി- നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1. ലഭ്യമായ വികസനഫണ്ടിന്റെ 84.2% തുക ചെലവഴിക്കാൻ കഴിഞ്ഞു.
2. ഉത്പാദനമേഖലയിൽ ഫലവൃക്ഷത്തൈ വിതരണം, വാഴത്തൈ വിതരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കി.
3. അംഗീകാരം ലഭിച്ച 60 പ്രോജക്ടുകളിൽ 53 എണ്ണം നടപ്പാക്കി.

കോട്ടങ്ങൾ

1. അടങ്കലിന്റെ 36.36% തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.
2. വിവിധ കുടിവെള്ളപദ്ധതികൾക്കായി വിവിധ നിർവഹണ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ധനവിനിയോഗവിവരങ്ങൾ ലഭ്യമല്ല.
3. പല പ്രോജക്ടുകളുടെയും മോണിട്ടറിങ് ഫലപ്രദമല്ല.
4. പാലുത്പന്ന നിർമാണയൂണിറ്റിന് 500000 രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയെങ്കിലും നാളിതുവരെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.
5. ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്ത നിരവധി പ്രോജക്ടുകൾക്ക് വേണ്ടി തുക ചെലവഴിച്ചു.
6. മാത്തഞ്ചേരി കുടിവെള്ളപദ്ധതി പൂർത്തീകരണം, രാജീവ്ഗാന്ധി സേവാഘർ നിർമ്മാണം, പട്ടികവർഗ്ഗവിഭാഗത്തിന് വേണ്ടിയുള്ള ഐ.എ.വൈ. എന്നീ പ്രോജക്ടുകൾക്ക് ഭീമമായ തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.

വാർഷികപദ്ധതി 2015-16

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതിയും പഞ്ചായത്ത് ഭരണസമിതിയുടെ 27.5.15 തീയതിയിലെ ഒന്നാം

നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 490/2015/ഡി.പി.സി./ഡി.പി.ഒ./കോട്ടയം /10.6.15 നമ്പർ ഉത്തരവ് പ്രകാരം നിർവഹണാംഗീകാരവും ലഭിച്ചു. വികസനഫണ്ട് 35665176 രൂപയും മെയിന്റനൻസ് ഗ്രാന്റ് 4314102 രൂപയും ഇതര സ്രോതസ്സുകളിൽ നിന്നുള്ള 54782389 രൂപയും വകയിരുത്തി 94762267 രൂപയുള്ള വാർഷിക അടങ്കലിനാണ് ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. 11 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ അംഗീകാരം ലഭിച്ച 68 പ്രോജക്ടുകളിൽ 57 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്ന് 33045608 രൂപ ചെലവഴിക്കുകയും ചെയ്തു.

വാർഷികപദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉത്പാദനമേഖല | 2414587 | 1948990 | 80.71 |
| സേവനമേഖല | 78711070 | 24164159 | 30.69 |
| പശ്ചാത്തല മേഖല | 13636610 | 6932459 | 50.83 |
| ആകെ | 94762267 | 33045608 | 3 |

തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ എണ്ണം

| | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് |
|---|---|---|
| ഉത്പാദനം | 4 | 3 |
| സേവനം | 42 | 37 |
| പശ്ചാത്തലം | 22 | 17 |
| ആകെ | 68 | 57 |

വാർഷികപദ്ധതി നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1. വികസനഫണ്ടിനത്തിൽ 82.75% തുക ചെലവഴിക്കാൻ കഴിഞ്ഞു.
2. സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ, അംഗപരിമിതർക്ക് ത്രീവീലർ, മോട്ടോർ സൈക്കിൾ വിതരണം, ഗവ. വൃദ്ധസദനത്തിന് ഫർണിച്ചർ വാങ്ങൽ, വൃദ്ധജനങ്ങൾക്ക് ശ്രവണസഹായി തുടങ്ങിയ പ്രോജക്ടുകൾ സേവനമേഖലയിൽ നടപ്പാക്കി.
3. കുഴിമറ്റം പള്ളിക്കവല കുമ്പാടി റോഡ് ഇന്റർലോക്ക് ടൈൽ പാകൽ, യുവാക്കൾക്ക് സൈനികപരിശീലനം എന്നീ പ്രോജക്ടുകൾ നടപ്പാക്കി.

കോട്ടങ്ങൾ

1. അടങ്കലിന്റെ 34.87% തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.
2. ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്ത പല പ്രോജക്ടുകളും നടപ്പാക്കി. ഉദാ. ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം, പനച്ചിക്കാട് പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ധനസഹായം, കുറിച്ചി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
3. തനതുഫണ്ടിനത്തിൽ 6440001 രൂപ പദ്ധതി നിർവഹണത്തിനായി വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.
4. കുടിവെള്ളപദ്ധതികൾക്ക് വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

## 1-7 തനത് വരുമാനം

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 19790 | 546 | 19244 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 9700 | 0 | 9700 |
| ആകെ | 29490 | 546 | 28944 |

## 1-8 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന ബിൽ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള മുതൽ, പലിശ എന്നിവയുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. വൗച്ചറുകൾ ക്രമമായി സാംഖ്യ പേമെന്റ് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2016 | 2014-15& 2015-16 | 19/PA/KTM /2013, 20.06.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2014 | 2010-11 – 2012-13 | LBA/HQ /II8A/2048/190, 25.08.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2014-15, 2015-16 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

2014-15

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വിവിധ അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തത് '1'ൽ തുടങ്ങുന്ന വരവ് ഹെഡിൽ(140700199) രസീത് ചെയ്തു.

3. ബാലൻസ് ഷീറ്റിൽ സെക്യേർഡ് ലോൺസ്/ പ്രീപെയ്ഡ് എക്സ്പെൻസസ് ഇനങ്ങളിൽ ഐ എ വൈ ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയിൽ(47,50,000 രൂപ) അടക്കാൻ ബാക്കിയുള്ള തുക ബി-5, ബി-16 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല.

5. പാർട്ട് ബിൽ (വർക്ക് ബിൽ) തുകകൾ മുഴുവനും ക്യാപിറ്റൽ ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

6. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല(വിശദാംശം ഖണ്ഡിക 4-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

7. RP-9 ഷെഡ്യൂളിൽ ബാങ്ക് പലിശ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2015-16

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റിൽ സെക്വേർഡ് ലോൺസ്/ പ്രീപെയ്ഡ് എക്സ്പെൻസസ് ഇനങ്ങളിൽ ഐ എ വൈ ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയിൽ(47,50,000 രൂപ) അടക്കാൻ ബാക്കിയുള്ള തുക ബി-5, ബി-16 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല.

4. പാർട്ട് ബിൽ (വർക്ക് ബിൽ) തുകകൾ മുഴുവനും ക്യാപിറ്റൽ ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

5. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല(വിശദാംശം ഖണ്ഡിക 4-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

6. ബി-4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലുള്ള തുകകളുടെ കൃത്യത വ്യക്തമല്ല

| ശീർഷകം | തുക |
|---|---|
| 320100115 | 2,68,032 |
| 320700203 | 6,83,042 |
| 320700204 | 56,83,186 |
| 320700205 | 31,47,636 |
| 320700208 | 1,10,60,710 |

7. ജില്ലാ പഞ്ചായത്തിന് കൈമാറിയ തിരുവഞ്ചൂർ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃവിഹിതം തെറ്റായി രണ്ട് പ്രാവശ്യം ചെലവ് രേഖപ്പെടുത്തിയതിനാൽ ബി-4 ഷെഡ്യൂളൽ 320800101 ശീർഷകത്തിലുള്ള തുക കൃത്യമല്ല.

8. കേരളോൽസവത്തിന് 30,000 രൂപ ചെലവഴിച്ചത് റെവന്യൂ ഇൻകമായി അഡ്ജസ്റ്റ് ചെയ്തിനാൽ അത്രയും തുക 320200323 എന്ന ശീർഷകത്തിൽ ബാക്കി നിൽക്കുന്നു
9. RP-9 ഷെഡ്യൂളിൽ ബാങ്ക് പലിശ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സോളാർ വഴിവിളക്ക് സ്ഥാപിക്കൽ- പദ്ധതി നിർവഹണത്തിൽ അപാകതകൾ- 4801500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നമ്പർ | 3/14-15 |
| | അടങ്കൽ | 4801500 |
| | ചെലവ് | 3841200 |
| | സ്രോതസ്സ് | വികസനഫണ്ട് |
| 2 | പ്രോജക്ട് നമ്പർ | 71/15-16 |
| | അടങ്കൽ | 960300 |
| | ചെലവ് | 960300 |
| | സ്രോതസ്സ് | വികസനഫണ്ട് |
| | നിർവഹണം | സെക്രട്ടറി |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 30 വാട്ട് സോളാർ വഴിവിളക്കുകൾ 110 എണ്ണം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയായിരുന്നു പ്രോജക്ട് ലക്ഷ്യം.
വിളക്കുകൾ സ്ഥാപിക്കുന്നതിനായി 22.11.14 ൽ ഇ3/3658/14 നമ്പർ കത്ത് മുഖേന സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചെങ്കിലും അനുമതി നൽകിയില്ല.

24.12.14 ൽ 316-ാം നമ്പർ കോഓർഡിനേഷൻ കമ്മിറ്റി തോട്ടം മേഖലയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നടപ്പാക്കാൻ തീരുമാനിക്കുകയും വീണ്ടും സർക്കാർ അനുമതിക്കായി അപേക്ഷ നൽകുകയും ചെയ്തു. തോട്ടം മേഖലയായതിനാൽ പ്രത്യേക കേസായി പരിഗണിച്ച് ആറ് പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാർ അനുമതി നൽകി ഉത്തരവായി. (ഉത്തരവ് നം. 80754/ഡി.ഡി.2/2014/തസ്വഭവ/1.1.15)

10.2.15 ൽ ടെൻഡർ പരസ്യം നൽകിയതിൽ അഞ്ച് ടെൻഡർ ലഭിക്കുകയും കെ.എസ്.ഐ.ഇ. ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി കരാർ നൽകുകയും ചെയ്തു.

കെ.എസ്.ഐ.ഇ.യുടെ 21.3.15 , 25.11.15 തീയതികളിലെ ഇൻവോയ്സ് പ്രകാരം 440, 457, എന്നിവ പ്രകാരം 30 വാട്ട് സോളാർ തെരുവുവിളക്കുകൾ 110 എണ്ണം സ്ഥാപിക്കുന്നതിന് 48015000 രൂപ വില കണക്കാക്കിയിട്ടുണ്ട്. (ഒരെണ്ണത്തിന് 43650 രൂപ)

2014-15 വർഷം 3841200 രൂപയും (ഡി.ഡി. നം. 918906/2.4.15) 2015-16 വർഷം 960300 രൂപയും (ഡി.ഡി. നമ്പർ 096315/11.4.15) ഉൾപ്പെടെ ആകെ 4801500 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി.കേരള പഞ്ചായത്ത് രാജ് ആക്ട് നിയമങ്ങളും ചട്ടങ്ങളും സെക്ഷൻ 172(1) -ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.14 ലെ 3172/14 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളപദ്ധതി വൈദ്യുതി ലൈൻ നീട്ടൽ എന്നിവ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെങ്കിലും ആയതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടുകൂടി മാത്രമേ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
2. വിളക്കുകൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്ത സ്ഥലങ്ങൾ തോട്ടം മേഖലയാണെന്ന് തെളിയിക്കുന്ന രേഖകളില്ല. തോട്ടം മേഖലയായി പരിഗണിച്ച് പ്രോജക്റ്റ് നടപ്പാക്കാൻ സർക്കാരിൽ നിന്ന് പ്രത്യേകാനുമതി വാങ്ങിയെങ്കിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങൾ തോട്ടം മേഖലയായി സർക്കാർ നോട്ടിഫൈ ചെയ്തതിന്റെയും വിളക്കുകൾ സ്ഥാപിച്ച സ്ഥലങ്ങങൾ തോട്ടം മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളവയാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ 31.1.17 ലെ മൂന്നാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ലഭ്യമാക്കിയില്ല.
3. വാങ്ങൽ നടപടികൾക്ക് 30.6.14 ലെ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചില്ല.30.6.14 ലെ ജി.ഒ.(ആർ.ടി.) 1384/2014/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സൗരോർജപദ്ധതികൾ നടപ്പാക്കുന്നതിനുള്ള അംഗീകൃതസ്ഥാപനമായി കെൽട്രോണിനെയും യൂണൈറ്റഡ് ഇലക്ട്രിക്കൽസ്, പള്ളിമുക്ക് , കൊല്ലം എന്ന സ്ഥാപനത്തെയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് സോളാർ ലൈറ്റുകൾ വാങ്ങാതെ കെ.എസ്.ഐ.ഇ. കൊച്ചി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാനിടയായ സാഹചര്യം വ്യക്തമല്ല.
4. സർക്കാർ അനുമതിക്ക് വിരുദ്ധമായി പ്രധാന ജംഗ്ഷനുകളിലും സ്വകാര്യവ്യക്തികളുടെ വീടിനു സമീപത്തും വിളക്കുകൾ സ്ഥാപിച്ചു. സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യം സർക്കാർ അനുമതി നൽകിയില്ലെങ്കിലും തോട്ടം മേഖയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനായി പ്രത്യേക അനുവാദം നൽകിയിരുന്നു. എന്നാൽ സ്ഥാപിച്ച ലൈറ്റുകളിൽ ഭൂരിപക്ഷവും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും സ്വകാര്യവ്യക്തികളുടെ വീടിന് സമീപവുമാണെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ വ്യക്തമായി.
5. സ്ഥാപിച്ച ഭൂരിഭാഗം ലൈറ്റുകളും നിലവിൽ പ്രവർത്തനരഹിതം. ലൈറ്റുകൾ പലതും പ്രവർത്തനരഹിതമാണെന്ന് ചൂണ്ടിക്കാട്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നിർവഹണഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം ലൈറ്റുകളും ഇപ്പോഴും പ്രവർത്തനക്ഷമമല്ലായെന്നും പ്രാദേശികപരിശോധനയിൽ വ്യക്തമായി.

മേൽ പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 4801500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-2** പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ധനസഹായം- തിരികെ ലഭിച്ച ഡി.ഡി. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധം- ബ്ലോക്ക് വിഹിതം നൽകിയതിന് വിനിയോഗവിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 7/15-16 |
| അടങ്കൽ | 200000 |
| ചെലവ് | 200000 |
| സ്രോതസ്സ് | വികസനഫണ്ട് |

| | |
|---|---|
| നിർവഹണം | സെക്രട്ടറി |

പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾക്കായി ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്തുകളിൽ നൽകുകയായിരുന്നു പ്രോജക്ട് ലക്ഷ്യം

25.1.16 ൽ ഡി.ഡി. നം. 880574 പ്രകാരം 100000 രൂപ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിനും 11.4.16 ൽ ഡി.ഡി.നം. 096320 പ്രകാരം 100000 രൂപ അയർക്കുന്നം പഞ്ചായത്തിനും ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്.

ധനകാര്യവകുപ്പിന്റെ 19.5.15 ലെ ജി.ഒ.(പി) 187/15/ഫിൻ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലോ വികസനഫണ്ടിലോ തുക വകയിരുത്തി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ 2.7.16 ലെ എ3/4056/16 നമ്പർ കത്ത് പ്രകാരം 100000 രൂപയുടെ ഡി.ഡി. അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകുകയുണ്ടായി. പ്രസ്തുത ഡി.ഡി. ഇപ്പോഴും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ വ്യക്തമായി. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കാവുന്നതാണ്.

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന് നൽകിയ 100000 രൂപയുടെ വിനിയോഗവിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ അപാകതകൾ മൂലം പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ധനസഹായമിനത്തിൽ നൽകിയ 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 തിരുവഞ്ചൂർ കുടിവെള്ളപദ്ധതി- ഗുണഭോക്തൃവിഹിതം രണ്ടുതവണ നൽകിയത് ക്രമവിരുദ്ധം- അധികം നൽകിയ 40000 രൂപ തിരിച്ചടയ്ക്കണം

പ്രോജക്ട് നമ്പർ 18/11-12

2011-12 സാമ്പത്തികവർഷത്തിൽ അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ തിരുവഞ്ചൂർ കുടിവെള്ളപദ്ധതി എന്ന സംയുക്ത പ്രോജക്ടിന് വികസനഫണ്ട് 400000 രൂപയും ഗുണഭോക്തൃവിഹിതം 40000 രൂപയും വകയിരുത്തി ജില്ലാ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യുകയും ഇതിന് ഗുണഭോക്തൃവിഹിതമായി കൺവീനറായിരുന്ന ശ്രീ. സാബു, കല്ലുക്കടമ്പിൽ 40000 രൂപ രസീത് നമ്പർ 30/21.2.12 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിരുന്നു.

ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ 28.12.12 ലെ നം എബി18/12-13 കത്ത് പ്രകാരം ഗുണഭോക്തൃവിഹിതമായ 40000 രൂപ ജില്ലാ പഞ്ചായത്തിലേക്ക് ഡി.ഡി. നമ്പർ 986143/18.1.13 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്. അതേസമയം ടി പ്രവൃത്തിയുടെ കൺവീനറായ ശ്രീ. കെ.റ്റി. സാബു പ്രവൃത്തി പൂർത്തീകരിക്കുകയും ടിയാൾ ഗുണഭോക്തൃവിഹിതമായി ബ്ലോക്ക് പഞ്ചായത്തിൽ അടച്ച 40000 രൂപ തിരികെ നൽകാൻ അപേക്ഷ നൽകുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ഗുണഭോക്തൃവിഹിതമായ 40000 രൂപ തിരികെ നൽകുന്നതിന് 20.3.15 ൽ എബി18/2012-13 ആയി പള്ളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 40000 രൂപയുടെ ഡി.ഡി. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പള്ളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിലേക്ക് നൽകുകയും ടി തുക കൺവീനറായ ശ്രീ. കെ.ടി. ബാബുവിന് 10.9.15 ൽ ഡി.ഡി. ( നം. 446708) ആയി നൽകുകയും ചെയ്തു. ഇപ്രകാരം രണ്ടുതവണ ഗുണഭോക്തൃവിഹിതം നൽകുകവഴി 40000 രൂപ തനതുഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾക്ക് 2.2.17 ൽ നൽകിയ 14-ാം നമ്പർ ഓഡിറ്റ് തടസ്സപത്രികയ്ക്ക് ജില്ലാപഞ്ചായത്തിൽ നേരിട്ട് അന്വേഷിച്ച് തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നഷ്ടം സംഭവിച്ച 40000 രൂപ ജില്ലാപഞ്ചായത്തിൽ നിന്നോ അല്ലാത്തപക്ഷം ബന്ധപ്പെട്ട കാലയളവിലെ സെക്രട്ടറിയിൽ നിന്നോ ഈടാക്കി തനതുഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 യുവാക്കൾക്ക് സൈനിക പരിശീലനം -പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

| 2014-15 | 2015-16 |
|---|---|
| പ്രോജക്ട് നം.S0035/15 | പ്രോജക്ട് നം.എസ് 073/16 |
| അടങ്കൽ -176,000 | അടങ്കൽ -48000 |
| ചെലവ് -48,000 | ചെലവ് |

| | |
|---|---|
| | – 48000 |
| ഡി.ഡി.നം.216644തീ.28.3.15 | - |

6 യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി പി.ആർ.റ്റി.സി.കോഴിക്കോടിന് ബ്ലോക്ക് വിഹിതമായ 96,000 രൂപ നൽകിയിട്ടുണ്ട്.പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന നടപ്പാക്കുന്ന പരിശീലനപരിപാടിയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് സർക്കാർ സർക്കുലർ നം.485/ഡി.എ 1/2009 ത.സ്വ.ഭ.വ.തീ.30.4.09 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചല്ല ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

അംഗീകൃത പരിശീലന പ്രോജക്ടുകളുടെ പരിശീലനാർത്ഥികളെ കണ്ടെത്തുവാൻ വ്യാപകമായി പരസ്യം ചെയ്യേണ്ടതും ,നിശ്ചിത ഫോറത്തിൽ അപേക്ഷകൾ സ്വീകരിക്കേണ്ടതുമാണ്.ജില്ലയിലുടനീളം പ്രചാരമുള്ള ഒരുപ്രഭാത ദിനപത്രത്തിലെങ്കിലും നിർബന്ധമായും പരസ്യം നൽകേണ്ടതാണ്.ഇതിനു പുറമേ കുടുംബശ്രീ ജില്ലാമിഷൻ കോഡിനേറ്റർ മുഖേനയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും അറിയിപ്പുകൾ നൽകാവുന്നതാണ്.ലഭിക്കുന്ന അപേക്ഷകൾ പി.ആർ.ടി.സി.യുടെ സഹകരണത്തോടെ സൂക്ഷ്മ പരിശോധന നടത്തി നിശ്ചിത വിദ്യാഭ്യാസ ശാരീരിക യോഗ്യതയുള്ളവരെ അഭിമുഖത്തിന് ക്ഷണിക്കേണ്ടതും നിശ്ചിത എണ്ണം പരിശീലനാർത്ഥികളെ തെരഞ്ഞടുക്കേണ്ടതുമാണ്.ഇപ്രകാരം തെരഞ്ഞെടുക്കുന്ന പരിശീലനാർത്ഥികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അടുത്തുകൂടുന്ന ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യണം.ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന പരിശീലന പരിപാടിക്ക് പരിശീലനാർത്ഥികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽതയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കേണ്ടതാണ്. എന്നാൽ പള്ളം ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമല്ല പരിശീലനാർത്ഥികളെ തെരഞ്ഞടുത്തിട്ടുള്ളത്.ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരിശീലനാർത്ഥികളുടെലിസ്റ്റ് ആവശ്യപ്പെട്ടു വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്.ഇപ്രകാരം ലഭ്യമായ ലിസ്റ്റിൽ നിന്നും 6 പരിശീലനാർത്ഥികളെ മാത്രമാണ് തെരഞ്ഞടുത്തിട്ടുള്ളത്.ടി പരിശീലനാർത്ഥികൾ സൈന്യത്തിലേയ്ക്ക് തെരഞ്ഞടുക്കപ്പെട്ടിട്ടുണ്ടോ എന്ന് തുടർ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ടുകൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ

(1) മിൽക്ക് സപ്ലൈസ് യൂണിയന് പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ വാങ്ങി നൽകിയത്-
ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്തതിനാൽ നിഷ്ക്രിയമായി
പ്രോജക്ട് നം.എസ് 049/2014-15

നിർവഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തിയ/ചെലവഴിച്ച തുക : 5,00,000/-രൂപ

ഡി.ഡി.നം.215410/20.03.2015

24.12.2014 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം, 01.01.2015 ലെ തദ്ദേശസ്വയംഭരണ(ഡി ഡി) വകുപ്പന്റെ 82752/ഡി ഡി2/2014/തസ്വഭവ കത്ത് എന്നിവ പ്രകാരം മിൽക്ക് സപ്ലൈസ് യൂണിയൻ എന്ന സ്ഥാപനത്തിന് പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രോജക്ട് നടപ്പാക്കുവാൻ അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടുന്ന പാൽ കോവ യൂണിറ്റ് റെയിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

| ഉപകരണം | യൂണിറ്റ് |
|---|---|
| Multipurpose Vat- 120 L | 1 |
| Steam Boiler | 1 |
| Steam Chacket Kettle | 2 |
| SS and MS Pipe and Fittings | 1 |

നേരിട്ടു നടത്തിയ പരിശോധനയിൽ ടി ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ലായെന്ന് കണ്ടു. ഇവയിൽ Steam Boiler സ്ഥാപനത്തിന്റെ ഓഫീസിന്റെ ഉള്ളിലും ബാക്കിയുള്ളവ പുറത്തുമാണ് സൂക്ഷിച്ചിരിക്കുന്നത്. ഉപയോഗക്ഷമമാക്കാത്തതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് തുടങ്ങിയിട്ടുണ്ട്. വിതരണ ഏജൻസിയായ റെയിഡ്കോയുമായി കരാർ ചമച്ചിട്ടില്ലാത്തതിനാൽ വിൽപനാനന്തര സേവനങ്ങൾ പ്രദാനം ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ പരിരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1)

ഇതോടനുബന്ധിച്ച് ഡയറി പ്ലാന്റ് തുടങ്ങുന്നതിന് സർക്കാരിൽ നിന്നും അനുവദിച്ച 40,43,250 രൂപ ലഭ്യമാകാത്തതിനാലാണ് ഉപകരണം ഇൻസ്റ്റാൾ ചെയ്യാതിരുന്നത് എന്നും ഉപകരണം ഉടൻതന്നെ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയത്. ഉപകരണം ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രോജക്ടിന് ചെലവായ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

(2) മാർഗ്ഗരേഖയിൽ പരാമർശിയ്ക്കാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം. -32/2015-16- ക്ഷീരകർഷകർക്ക് പാലുൽപാദന ബത്ത

വകയിരുത്തിയ/ചെലവഴിച്ചതുക- 10,00,000-വികസന ഫണ്ട്(ഡി.ഡി.നം.859003 തീ.19.09.15)
നിർവഹണോദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പരാമർശിത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 35 ക്ഷീരസംഘങ്ങൾ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുകക്കുള്ള കാലിത്തീറ്റ മിൽമ മുഖേന വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .ആയതിന് 03.10.2015ലെ XIV നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നല്കിയിട്ടുണ്ട്. 12-ാം പദ്ധതി പരിഷ്കരിച്ച മാർഗ്ഗ രേഖ (ജി.ഒ(.എം.എസ്)നം.362/13 ത.സ്വ.ഭ.വ.തീ.16.11.2013 )പ്രകാരം പ്രസ്തുത പ്രോജക്ട് നിർവ്വഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്താണ്.മാർഗ്ഗരേഖയിൽ പരാമർശിയ്ക്കാത്ത പ്രോജക്ട് നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.എന്നാൽ ഇപ്രകാരം ഒരു അനുമതി വാങ്ങിയതായി കാണുന്നില്ല.സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് മാത്രം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 3-6 പനച്ചിക്കാട് അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് യന്ത്രങ്ങൾ വാങ്ങൽ- അപാകതകൾ -ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 58/2015-16

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി അസിസ്റ്റന്റ് ഡയറക്ടർ

വകയിരുത്തിയ/ചെലവഴിച്ച തുക : 4,48,990/-രൂപ

ഡി.ഡി.നം. 863213, 15.12.2015

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം പനച്ചിക്കാട് അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് ഹേ ബെയ് ലർ- ACER STAR 'Mini Round Baler' റെയിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 12-ം പദ്ധതി പരിഷ്കരിച്ച മാർഗ്ഗ രേഖ (ജി.ഒ(.എം.എസ്)നം.362/13 ത.സ്വ.ഭ.വ.തീ.16.11.2013 ) പ്രകാരം കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ് , എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്തിനായിരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും മുടക്കി വാങ്ങുന്ന യന്ത്രോപകരണങ്ങളുടെ കസ്റ്റോഡിയൻ കൃഷി ഓഫീസർ ആയിരിക്കേണ്ടതും ഉപകരണം കൃഷിഭവനിൽ സൂക്ഷിക്കേണ്ടതും ആവശ്യാനുസരണം സമിതികൾക്ക്/സംഘങ്ങൾക്ക് നൽകി തിരിച്ച് വാങ്ങേണ്ടതുമാണ്. ആയതിനാൽ പ്രസ്തുത വാങ്ങൽ മാർഗരേഖക്ക് വിരുദ്ധമാണ്.
2. യന്ത്രത്തിന്റെ ഉപയോഗം സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി നൽകിയില്ല. പരാമർശിത അപാകതകൾ കാരണം ആകെ ചെലവായ 4,48,990/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സി ഡി പി ഒ നടപ്പാക്കിയ പദ്ധതികൾ

(1) കേൾവിശക്തി കുറഞ്ഞ വൃദ്ധജനങ്ങൾക്ക് ശ്രവണസഹായി' -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ
2015-16 വർഷം മേൽ പ്രോജക്ട് പ്രകാരം 24പേർക്ക് ശ്രവണസഹായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.23.2.2016 ന് നടത്തിയ മെഡിക്കൽ ക്യാമ്പിൽ profound,moderate,severe എന്നീ മൂന്നുതരം ശ്രവണ കുറവുള്ളതിൽ profound-5,moderate-5,severe-14 എന്നിങ്ങനെയാണ് 24 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ശ്രവണസഹായി 2തരമാണുള്ളത്; പോക്കറ്റ് മോഡലും,BTE(behind the ear)മോഡലും.കെൽട്രോൺന്റെ 3 തരം ശ്രവണസഹായികളുടേയും

പോക്കറ്റ് മോഡലിന് 2500-രൂപ വിതരണചാർജ്ജുൾപ്പെടെ ആകെ 41484-രൂപയാണ് (profound@2127-, moderate@1201-, severe@1596-). ഇവയുടെ BTE മോഡലിന് 6200-,3854-,5100- എന്നിങ്ങനെയാണ്. എന്നാൽ ശ്രുവണസഹായി വാങ്ങിയപ്പോൾ profound,severe ശ്രുവണസഹായികൾ പോക്കറ്റ് മോഡലും moderate 'BTE'മോഡലുമാണ് വാങ്ങിയിരിക്കുന്നത്.കൂടിയ വിലയുടെ ശ്രുവണസഹായി വാങ്ങിയതുമൂലം 13265-രൂപ((3854-1201)2653*5).അധികം ചെലവായി.ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/15-16 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി ചെലവഴിച്ച 13265 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.കൂടാതെ 24 പേർക്ക് ശ്രുവണ സഹായി നൽകിയതിൽ 20 പേരുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിലുള്ളത്.

(2) മുചക്രവാഹന കൈപ്പറ്റിയവർ ലൈസൻസ് ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.55/15 ചെലവ്: 750189-(2014-15)

272796- (2015-16)

ആകെ: 1022985-

2014-15 വർഷം ശിശു വികസന പദ്ധതി ഓഫീസർ നടപ്പാക്കിയ 'അംഗപരിമിതർക്ക് മുചക്രവാഹനം' എന്ന പദ്ധതി പ്രകാരം തൻവർഷം 11പേർക്കും 2015-16ൽ 4 പേർക്കും ചേർത്ത് ആകെ 15 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.ലേണേഴ്സ് ലൈസൻസ് ഹാജരാക്കി വാഹനം കൈപ്പറ്റിയവർ പള്ളം ബ്ളോക്ക് പഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം വാഹനം കൈപ്പറ്റി 6മാസത്തിനകം യഥാർത്ഥ ലൈസൻസെടുത്ത് പകർപ്പ് ഹാജരാക്കുന്നതാണെന്ന് സമ്മതിച്ചിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ 3പേരുടെ ലൈസൻസ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (13/15-16) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ വാഹനം കൈപ്പറ്റി ഒരു വർഷത്തിലധികമായിട്ടും യഥാർത്ഥ ലൈസൻസ് ഹാജരാക്കാത്തതിനാൽ ചെലവു തുക 1022985-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പദ്ധതികൾ

(1) മരുന്നുലഭ്യമാക്കിയിട്ടില്ല

എ. കുറിച്ചി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റെർ

പ്രോജക്റ്റ് -മരുന്ന് വാങ്ങൽ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റെർ.

തുക-150,000/-രൂ-മെയിന്റെനൻസ്ഗ്രാന്റ്(റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

കുറിച്ചി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2015-16 വർഷം

(പ്രോജക്റ്റ്നമ്പർ-22/16) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കാരുണ്യാഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് 1,50,000/-രൂ (140719+9281) നൽകിയിട്ടുണ്ട് (ഡി.ഡി.നമ്പർ-881036/29.01.16, 883521/10.03.16) . ഇതിൽ 143113/-രൂപയുടെ മരുന്ന് മാത്രമേലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന 6887/-രൂടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. . മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-8) മറുപടിലഭിച്ചിട്ടില്ല.

ബി. മരുന്ന് വാങ്ങൽ,അയർക്കുന്നം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റെർ

തുക-150,000/-രൂ- മെയിന്റെനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

അയർക്കുന്നം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2015-16 വർഷം(പ്രോജക്റ്റ്നമ്പർ-25/16) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കാരുണ്യാഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് 1,50,000/-രൂ നൽകിയിട്ടുണ്ട് (ഡി.ഡി.നമ്പർ-883160/14.03.16) . ഇതിൽ 130,994/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 24.8.16 ൽ മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ശേഷിക്കുന്ന 19006/-രൂടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-9) മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ചുമതലയിൽപ്പെടാത്ത സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പിലാക്കി

പനച്ചിക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് 2015-16 വർഷം മരുന്നും,ആശുപത്രിഉപകരണങ്ങളും (പ്രോജക്റ്റ് നമ്പർ-

24/16,49/16)വാങ്ങിനൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്സ്) 362/2013ത.സ്വ.ഭ.വ 16/11/13പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അവയുടെ നീയന്ത്രണചുമതലയിലുള്ള തദ്ദേശസ്വയഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണ്.അതിനാൽ തദ്ദേശസ്വയഭരണസ്ഥാപനങ്ങളുടെ നീയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സബ്സിഡി മാർഗ്ഗരേഖക്ക് അനുസ്രതമായി പദ്ധികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പിന് കിഴീലുള്ള 4-ാം പട്ടികയിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്.എന്നാൽ 2014-15,2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പല പ്രോജക്ടുകളും ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാ പരിധിയിൽപ്പെടുന്നവയായിരുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.,പേര് | ചെലവഴിച്ച തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 1. | ഇഞ്ചക്കാട്ടു തച്ചുകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണംS018/14-15 | 114708 | കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യമേഖലാ ചുമതലകളിൽപ്പെടുന്നതാണ്. |
| 2. | കമ്പകംതട്ട് പാറേകരോട്ട് (കാളിമല) കുടിവെള്ള പദ്ധതി പൂർത്തീകരണം SO 19/14-15 | 236972 | “ |
| 3. | ഇളപ്പാനി കുടിവെള്ള പദ്ധതിSO31/14-15 | 433880 | കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യമേഖലാചുമതലകളിൽപ്പെടുന്നതാണ് |
| 4 | വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- 27/14-15 | 2,50,000 | ബ്ലോക്ക് പഞ്ചായത്തുകൾക്ക് മരുന്ന് വാങ്ങി നൽകാവുന്നത് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കാണ് |
| | ആകെ | 1035560 | |
| | 2015-16 | | |
| 1. | മാത്തൻചേരി കുടിവെള്ള പദ്ധതി പൂർത്തീകരണംSO64/15-16 | 1248769 | “ |
| 2. | കണിയാംതോട്ടിൽ ആനിക്കാകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം SO81/15-16 | 81807 | “ |
| | ആകെ | 1330576 | |

ആവർത്തനം ,പണദുരുപയോഗം,പ്രവൃത്തികളുടെ ബാഹുല്യം ഉടങ്ങിയവ ഒഴിവാക്കുന്നതിനാണ് ഓരോ തട്ടിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിനും സർക്കാർ പ്രത്യേകം ചുമതലകൾ നിർണയിച്ചിരിക്കുന്നത്.ആകയാൽ സ്വന്തം ചുമതലകളിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ട് ആവിഷ്കരിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. നിയമങ്ങൾ വഴി വ്യവസ്ഥാപിതമായ ചുമതലകൾ മാത്രം നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഭരണസമിതി,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-10 വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

2014-15, 15-16 വർഷം സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2014-15

| ക്രമനം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ഡി.ഡി. നം/തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 63/14-15 | കാർത്തികപ്പള്ളി കുടിവെള്ളപദ്ധതി | 1000000 | 536901/17.12.14 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം |
| 2 | 51/14-15 | തുറന്ന കിണർ റീചാർജിങ് | 288000 | 215287/19.3.15 | "' |
| 3 | 13/14-15 | ഖൂർഖണ്ഡാരി കുടിവെള്ളപദ്ധതി | 300000 | 92053/16.1.15 | സെക്രട്ടറി, അയർക്കുന്നം ഗ്രാമപഞ്ചായത്ത് |
| 4 | 25/14-15 | വടക്കൻ മണ്ണൂർ കുടിവെള്ളപദ്ധതി | 300000 | 533776/16.1.15 | "" |
| | | | 1888000 | | |

2015-16

| ക്രമനം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ഡി.ഡി. നം/തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 6/15-16 | പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 655659 | 863243/16.12.15 | എക്സി. എൻജിനിയർ, പി.എച്ച്. ഡിവിഷൻ, കോട്ടയം |
| | | | 144341 | 859958/1.10.15 | "" |
| 2 | 90/15-16 | കുറിച്ചി ഡിവിഷൻ-വിവിധ കുടിവെള്ളപദ്ധതികൾ (കുഴൽക്കിണർ നിർമാണം) | 400000 | 096312/11.4.16 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം |
| 3 | 87/15-16 | എ.ബി.സി. വിഹിതം നൽകൽ | 500000 | 882742/29.2.16 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കോട്ടയം |
| | | ആകെ | 1700000 | | |

## 3-11 ഐ.എ.വൈ. ഭവനനിർമാണം

2014-15, 15-16 വർഷങ്ങളിൽ ഐ.എ.വൈ. ഭവനനിർമാണത്തിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 2014-15 വർഷം ജനറൽ വിഭാഗത്തിൽ നാല്പേരും 15-16 വർഷം, ജനറൽ വിഭാഗത്തിൽ 21 പേരും എസ്.സി. വിഭാഗത്തിൽ 21 പേരും ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഭവനനിർമാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഇവർക്ക് നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

2014-15

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കാർത്തികപ്പള്ളി കുടിവെള്ള പദ്ധതി | 536901, 17.12.2014 | 10,00,000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 10,00,000 |
| 2 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | തുറന്ന കിണർ റീച്ചാർജ് | 215287, 19.03.2015 | 2,80,000 | " " | 2,80,000 |
| 3 | കേരള വാട്ടർ അതോറിറ്റി | പനച്ചിക്കാട് ചാന്നാനിക്കാട് പൂവൻതുരുത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 536902, 17.12.2014 | 500000 | 345209 | ബാക്കി തുക 154791 രൂപ ചെലാൻ നമ്പർ 968/31.03.2016 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി |

2015-16

| ക്രമ നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | തോട്ടക്കാട് ആശുപത്രിയുടെ കുഴൽകിണറിലേക്കുള്ള മോട്ടോർ സ്ഥാപിക്കുന്നത്-56/2015-16 | 883629/17.03.2016 | 70,000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 70,000 |
| 2 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിവിധ കുടിവെള്ള പദ്ധതികൾ(കുഴൽകിണർ നിർമ്മാണം) | 096312/11.04.2016 | 4,00,000 | " " | 4,00,000 |
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വലിയപാറ കുടിവെള്ള പദ്ധതി | 476392/ 11.09.2015 | 10,00,000 | " " | 10,00,000 |
| 4 | കേരള വാട്ടർ അതോറിറ്റി | പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 863243/ 16.12.2015<br>859958/ 01.10.2015 | 655659<br>144341 | " " | 8,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ തൻ വർഷം വരവില്ല.തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(ലോൺ പാസ് ബുക്ക് പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ ഭവനപദ്ധതി- പുതുപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് നം.1054 | ജി.ഒ(എം.എസ്)നം.193/13 /ത.സ്വ.ഭ.വ, 24.05.2013 | 25,00,000 | 2250000 | 250000 | | 2000000 |
| ഐ എ വൈ ഭവനപദ്ധതി- പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് നം.3959 | ജി.ഒ(എം.എസ്)നം.90/13 /ത.സ്വ.ഭ.വ, 14.03.2013 | 47,50,000 | 47,50,000 | 4141974(*) | 1570607 | 608026 |

(*) 2015-16 വർഷം പ്രോജക്ട് പ്രകാരം അടവാക്കിയതാണെങ്കിലും ടി തുക ബാങ്കിൽ വരവ് വെച്ചിരിക്കുന്നത് 27.04.2016ലാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 99-00 | 28,34 എ | 2003-04 | പേജ് 63 | 1) പനമ്പിക്കാട്- വെള്ളൂമാക്കൽപ്പാടം സംരക്ഷണഭിത്തി 17000 രൂപ 2) റോഡ് നിർമാണം (പനമ്പിക്കാട്- മലവേടൻ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക | പരിഗണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | കൺവീനർക്ക് നൽകി 19600 രൂപ | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2014-15

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118175095 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89501267 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6979389 |

2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 111903719 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75983515 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3582086 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 40000 | ശ്രീ. ജോർജ് തോമസ്, സെക്രട്ടറി (വിരമിച്ചു) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-15

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 500000 | ഷീജ ഇട്ടി ഐപ്പ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-7 | 750189 | അജിത കുമാരി, സി.ഡി.പി.ഒ. |
| 3-10 | 1888000 | കെ.കെ.സോമനാഥൻ നായർ, സെക്രട്ടറി |
| 3-1 | 3841200 | കെ.കെ.സോമനാഥൻ നായർ, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 6979389 | |

2015-16

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 960300 | കെ.കെ.സോമനാഥൻ നായർ, സെക്രട്ടറി |
| 3-2 | 100000 | ജോർജ് തോമസ്, സെക്രട്ടറി |
| | 100000 | കെ.ജി. ബാബു സെക്രട്ടറി |
| 3-6 | 448990 | ടെസ്സി ഏബ്രഹാം, അസിസ്റ്റന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ |
| 3-7 | 272796 | അജിതാകുമാരി, സി.ഡി.പി.ഒ. |
| 3-10 | 800000 | ജോർജ് തോമസ്, സെക്രട്ടറി |
| | 900000 | കെ.ജി. ബാബു സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോർജ് തോമസ്, സെക്രട്ടറി | വിരമിച്ചു | ഇലിഞ്ഞിത്തറത്ത് വീട്, മണിമല പി.ഒ, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97 | എൽ.എഫ്.കെ.പി.1/819/01/12.6.01 |
| 1997-98 | എൽ.എഫ്.കെ.പി.1/37/08/9.7.08 |
| 1998-99,99-00 | എൽ.എഫ്.കെ.പി.1/481/03/17.1.04/16.3.04 |
| 2000-01,01-02 | എൽ.എഫ്.കെ.പി.1/320/08/20.4.10 |
| 2002-03 | എൽ.എഫ്.കെ.പി.1/980/05/11.10.06 |
| 2003-04 | എൽ.എഫ്.കെ.പി.11/637/11/10.9.12 |
| 2004-05 | എൽ.എഫ്.കെ.പി.11/638/11/6.3.12 |
| 2005-06 | എൽ.എഫ്.കെ.പി.11/639/11/19.1.12 |
| 2006-07 | എൽ.എഫ്.കെ.പി.11/391/13/11.6.13 |
| 2007-08 | എൽ.എഫ്.കെ.പി.11/392/13/13.6.13 |
| 2008-09 | എൽ.എഫ്.കെ.പി.11/393/13/13.6.13 |
| 2009-10 | എൽ.എഫ്.കെ.പി.11/394/13/14.8.13 |
| 2010-11 | എൽ.എഫ്.കെ.പി.11/1086/14/23.10.14 |
| 2011-12 | എൽ.എഫ്.കെ.പി.11/215/14/7.6.14 |
| 2012-13 | എൽ.എഫ്.കെ.പി.11/830/14/9.6.15 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി11/253/15/14.9.15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം. പി11/134/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ:doktm.ksad@kerala.gov.in

തീയതി: 8.2.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ ധനകാര്യ പത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 2

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം. പി11/134/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 8.2.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം